# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല — എടത്തല ഗ്രാമപഞ്ചായത്ത് -2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 50,000/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.2171/16/തസ്വഭവ.** **തിരുവനന്തപുരം, തീയതി:19/07/2016**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/12/2015-ലെ എം3-40974/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19/04/2016-ലെ കെ.എസ്.എ. 1998/പിറ്റി2/2016 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിൻറെ 2012-13 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെടാത്ത ആലുവ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി പഞ്ചായത്ത് നൽകിയ 50,000/-രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്റ്റുഡന്റ് കേഡറ്റ് പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ധാരാളം കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്നുവെന്ന 2/06/2012 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 20-07-2015 ലെ 4 -ാം നമ്പർ തീരുമാനം, സെക്രട്ടറിയുടെ മറുപടി, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ച് പ്രസ്തുത ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം ആഡിറ്റ്

തടസ്സപ്പെടുത്തിയ 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

സെക്രട്ടറി, എടത്തല ഗ്രാമപഞ്ചായത്ത്, എറണാകുളം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ